പി.എ സൈനുദ്ദീൻ
sainpanachikkal@gmail.com

# വിശ്വാസി നേടേണ്ട ഉൾക്കാഴ്ചകൾ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ أَنَّ رَسُولَ اللَّهِ قَالَ: مَا نَقَصَتْ صَدَقَةٌ مِنْ مَالٍ وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلَّا عِزًّا وَمَا تَوَاضَعَ أَحَدٌ إِلَّا رَفَعَهُ اللَّهُ (صحيح مسلم).

**നബി (സ) പറഞ്ഞതായി അബൂ ഹുറയ്റ (റ) റിപ്പോർട്ട് ചെയ്യുന്നു: "സ്വദഖ ചെയ്യുന്നതുകൊണ്ട് സമ്പത്തിൽനിന്ന് ഒന്നും തന്നെ കുറയുന്നതല്ല. ഒരു ദൈവദാസൻ വിട്ടുവീഴ്ച ചെയ്യുമ്പോൾ അവന് അല്ലാഹു അന്തസ്സ് വർധിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരാളും വിനയം കാണിക്കുന്നില്ല; സമൂഹത്തിൽ അല്ലാഹു അവന്റെ പദവി ഉയർത്തിയിട്ടല്ലാതെ" (മുസ്‌ലിം).**

ഐശ്വര്യവാനായ അല്ലാഹു സമ്പന്നരായ വിശ്വാസികൾക്ക് നിർബന്ധമാക്കിയ, ഇസ്‌ലാം കാര്യങ്ങളിൽ മൂന്നാമത്തെ സ്തംഭമായ സകാത്തിനു പുറമെ, സമൂഹത്തിലെ സമ്പന്നരെന്നോ ദരിദ്രരെന്നോ വ്യത്യാസമില്ലാതെ ആർക്കും ദൈവസാമീപ്യം ആഗ്രഹിച്ചുകൊണ്ട് ചെയ്യാവുന്ന ഐഛിക ദാനധർമമാണ് സ്വദഖ. സമ്പത്തിന്റെ യഥാർഥ ഉടമ അല്ലാഹുവാണ്. മനുഷ്യൻ അതിന്റെ സൂക്ഷിപ്പുകാരൻ മാത്രം. അതിന്റെ ക്രയവിക്രയം ദൈവ നിർദേശങ്ങൾക്കനുസരിച്ചായിരിക്കണമെന്നതാണ് അവന്റെ തീരുമാനം. വ്യക്തിയുടെയും കുടുംബത്തിന്റെയും ന്യായമായ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നതോടൊപ്പം കഷ്ടപ്പെടുന്നവന് ആശ്വാസമായും പൊതു ആവശ്യങ്ങൾക്കും ദീനീസേവനത്തിനുമായി ഓരോരുത്തരും അവരവരുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം നീക്കിവെക്കേണ്ടതുണ്ട്. ഏതെങ്കിലും ആരാധനാലയത്തിലെ ഭണ്ഡാരത്തിലോ വീട്ടുവാതിൽക്കൽ യാചിച്ചുവരുന്നവന്റെ പാത്രത്തിലേക്കോ നാണയത്തുട്ടുകൾ എറിഞ്ഞുകൊടുത്താൽ തീരുന്നതല്ല ദാനധർമവുമായി ബന്ധപ്പെട്ട വിശ്വാസിയുടെ ബാധ്യത. മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്നവരുടെ ചികിത്സാ സഹായമായും ദീനീ സ്ഥാപനങ്ങളുടെ ദൈനംദിന നടത്തിപ്പിന് ആവശ്യമായ പിൻബലമായുമൊക്കെ ആ സാമൂഹിക ബാധ്യത നിറവേറ്റപ്പെടേണ്ടതുണ്ട്. എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തിയായ ശേഷം മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാം എന്ന മനോഭാവമല്ല പ്രവാചകന്നോ അവിടുത്തെ അനുയായികൾക്കോ ഉണ്ടായിരുന്നത്. സ്വന്തം ആവശ്യങ്ങൾ പോലും അവഗണിച്ച് സമൂഹത്തിലെ അശരണരെ സഹായിച്ചു അവർ. പ്രവാചകൻ (സ) മറ്റുള്ളവരിലേക്ക് സഹായഹസ്തം നീട്ടിയിരുന്നത് തന്റെ കുടുംബത്തിന്റെ സുഭിക്ഷത ഉറപ്പാക്കിക്കൊണ്ടായിരുന്നില്ല. തനിക്ക് ലഭിച്ച ഒരാടിനെ അറുത്ത് ദാനം ചെയ്തതിനു ശേഷം മറ്റുള്ളവർക്ക് നൽകിയത് മാത്രമാണ്, ബാക്കിയായ ഭാഗമല്ല പരലോകത്ത് ഉപകരിക്കുക എന്നത് അദ്ദേഹം പ്രിയപത്നി ആഇശ(റ)ക്ക് നൽകിയ അധ്യാപനമാണ്. ഒരു കാരക്ക ചീന്തു പോലും വീട്ടിൽ ബാക്കിവെക്കാതെ ആവശ്യക്കാർക്ക് നൽകാൻ ഇത് മഹതിയെ ശീലിപ്പിച്ചു.

മറ്റുള്ളവരുടെ ക്ഷേമത്തിനായി പണം ചെലവഴിക്കുന്നവർക്ക് അനുകൂലമായും, കൈയിലുള്ളത് കെട്ടിപ്പൂട്ടിവെച്ച് ആർക്കും ഒരുപകാരവും ചെയ്യാത്തവർക്ക് പ്രതികൂലമായും മലക്കുകൾ നിരന്തരം പ്രാർഥിക്കുമെന്നും ഹദീസിൽ വന്നിട്ടുണ്ട്. സാമ്പത്തിക ഞെരുക്കമുള്ളവർ ഏറെ ബുദ്ധിമുട്ടനുഭവിച്ചിട്ടാണെങ്കിലും മറ്റുള്ളവരുടെ കണ്ണീരൊപ്പാൻ തങ്ങളാൽ കഴിയുന്നത് ചെയ്യുമ്പോൾ, സാമ്പത്തിക ശേഷിയുള്ളവർ സൃഷ്ടികളോട് കരുണ കാണിക്കാതിരിക്കുന്നത് ക്രൂരതയാണ്. സമ്പന്നരായിരുന്ന പ്രവാചകാനുയായികൾ മത്സരബുദ്ധ്യാ അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ അധ്വാനഫലത്തിന്റെ വലിയൊരു വിഹിതം ചെലവഴിച്ചിരുന്നു. സമ്പന്നരല്ലാത്ത സ്വഹാബികളും തങ്ങളാലാവുംവിധം ഉദാരമതികളായിരുന്നു. ധർമിഷ്ഠരെ ഭയപ്പെടുത്തി പിശുക്കിന് പ്രേരിപ്പിക്കുന്നത് പിശാചാണെന്ന് ഖുർആൻ ഓർമപ്പെടുത്തുന്നുണ്ട്: ''പിശാച് നിങ്ങളെ ദാരിദ്ര്യം കൊണ്ട് ഭയപ്പെടുത്തുകയും മ്ലേഛത ചെയ്യാൻ നിർബന്ധിക്കുകയും ചെയ്യുന്നു'' (2:268). 'വിചാരണാനാളിൽ വിധി വരുംവരെ ഓരോരുത്തരും അവർ ചെയ്ത സ്വദഖയുടെ തണലിലായിരിക്കും' എന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. ഐഛിക ദാനധർമത്തിലൂടെ ദൈവപ്രീതിയാണ് ആത്യന്തികമായി ലക്ഷ്യമാക്കപ്പെടുന്നതെങ്കിലും ചില ഭൗതിക നേട്ടങ്ങൾ കൂടി തിരുവചനങ്ങൾ നമുക്ക് ഉറപ്പുതരുന്നുണ്ട്. ദാനധർമങ്ങൾ വർധിപ്പിക്കുന്നതിലൂടെ ആപത്തുകളിൽ നിന്ന് രക്ഷ ലഭിക്കും എന്നതാണ് അതിൽ പ്രധാനം. സാധുസഹായത്തിന് താൽപര്യമുള്ളവർക്ക് അത് നിർവഹിക്കുന്നതിനുള്ള സാഹചര്യം അല്ലാഹു കൂടുതലായി ഒരുക്കിത്തരുന്നു. കൊടുക്കുന്നതിന്റെ അനവധി ഇരട്ടി അല്ലാഹു മടക്കിനൽകും. സമൂഹവുമായി സ്നേഹോഷ്മള ബന്ധം വളരാനും സ്വദഖ കാരണമായിത്തീരും.

മുസ്‌ലിമിനുണ്ടായിരിക്കേണ്ട മറ്റൊരു പ്രധാന ഗുണമാണ് വിട്ടുവീഴ്ചാ മനോഭാവം. ഇസ്‌ലാമിന്റെ വളർച്ച ത്വരിതഗതിയിലാക്കിയ പ്രധാന

ഘടകങ്ങളിലൊന്ന് റസൂലും അനുയായികളും പ്രകടിപ്പിച്ച അന്യാദൃശമായ വിശാലമനസ്കതയായിരുന്നു. അല്ലാഹു പ്രവാചകനെ ഉപദേശിക്കുന്നത് കാണുക: ''താങ്കൾ വിട്ടുവീഴ്ചാ സ്വഭാവം സ്വീകരിക്കുക, നന്മ കൽപ്പിക്കുകയും അവിവേകികളെ അവഗണിക്കുകയും ചെയ്യുക'' (*അൽ അഅ്റാഫ്* 199). ദുരഭിമാനമെന്ന മനോവൈകല്യം കാരണമായി ദുർബല വിശ്വാസി അന്യന്റെ ചെറുവീഴ്ചകളോടുപോലും അസഹിഷ്ണുത പ്രകടിപ്പിച്ചാൽ ഇല്ലാതാകുന്നത് സമൂഹത്തിന്റെ പരസ്പര സ്നേഹവും ആദരവുമാണ്. ഇസ്ലാമിക ചരിത്രത്തിലെ ചില സംഭവങ്ങൾ ശത്രുക്കളോട് പോലുമുണ്ടാകേണ്ട വിട്ടുവീഴ്ചാ മനോഭാവത്തിന്റെ മഹനീയ മാതൃകയാണ് കാഴ്ചവെക്കുന്നത്. ഒരിക്കൽ പരുഷസ്വഭാവിയായ ഒരു ഗ്രാമീണ അറബി പ്രവാചകന്റെ കഴുത്തിൽ ചുറ്റിയ ഷാൾ വലിച്ചു മുറുക്കിയപ്പോൾ ദേഷ്യപ്പെടാതെ അയാളെ അഭിമുഖീകരിക്കുകയായിരുന്നു അവിടുന്ന്. വിട്ടുവീഴ്ച ദൗർബല്യമോ കഴിവുകേടോ ആയിരുന്നെങ്കിൽ മക്കാവിജയത്തോടെ തന്റെ അധീനതയിലായ സത്യനിഷേധികളോട് റസൂൽ (സ) 'പോകൂ, നിങ്ങൾ സ്വതന്ത്രരാണ്' എന്നു പറയുന്നതിന് പകരം അവരെ വേണ്ടവിധം കൈകാര്യം ചെയ്യുമായിരുന്നല്ലോ.

പ്രതികരിക്കാൻ കഴിവുള്ളപ്പോൾ മാപ്പു നൽകുന്നത് ഉന്നത വ്യക്തിത്വത്തിന്റെ ഗുണവിശേഷമായി വിലയിരുത്തപ്പെടുന്നു. എന്നാൽ തിരിച്ചടിയിലൂടെയല്ലാതെ നേരെയാവുകയില്ലെന്ന് ബോധ്യമാകുന്ന പക്ഷം ആ നയം സ്വീകരിക്കുന്നത് തെറ്റായി ഇസ്ലാം കാണുന്നുമില്ല. വ്യക്തിപരമായി തന്നോട് അപമര്യാദയായി പെരുമാറിയ ഒരാളോടും നബി (സ) വിട്ടുവീഴ്ച ചെയ്യാതിരുന്നിട്ടില്ല. എന്നാൽ ഇസ്ലാമിന്റെ നിലനിൽപ്പും അഭിമാനവുമായി ബന്ധപ്പെട്ട അന്യായങ്ങളോട് പ്രതികരിക്കാതിരുന്നിട്ടുമില്ല.

അല്ലാഹു ഏറ്റവുമധികം വെറുക്കുന്ന പൈശാചിക സ്വഭാവങ്ങളിലൊന്നാണ് അഹന്ത. അല്ലാഹു നൽകിയ സമ്പത്ത്, സൗന്ദര്യം, തറവാടിത്തം, പാണ്ഡിത്യം തുടങ്ങി എത്രയെത്ര സൗകര്യങ്ങൾ കൊണ്ട് അനുഗ്രഹിക്കപ്പെട്ടവനായാലും അതൊക്കെ അല്ലാഹുവിന്റെ ഔദാര്യമാണ്, എപ്പോൾ വേണമെങ്കിലും അവനത് തിരിച്ചെടുത്തേക്കാം എന്ന ബോധം ഉണ്ടാകുമ്പോഴാണ് ഒരാൾ വിനയാന്വിതനായി മാറുന്നത്. യഥാർഥ ദൈവദാസന്മാർ ഭൂമിയിൽ ജീവിക്കുന്നത് വിനയമുള്ളവരായിട്ടാണെന്ന് ഖുർആൻ പറയുന്നു: ''തീർച്ചയായും അല്ലാഹു അഹങ്കാരികളെയും പൊങ്ങച്ചക്കാരെയും ഇഷ്ടപ്പെടുന്നില്ല'' (*ലുഖ്മാൻ* 18). അബൂബക്ർ (റ) പറയുന്നു: ''ഞങ്ങൾക്ക് അല്ലാഹു തഖ്വയിലൂടെ മാന്യതയും വിശ്വാസത്തിലൂടെ സമ്പന്നതയും വിനയത്തിലൂടെ ശ്രേഷ്ഠതയും പ്രദാനം ചെയ്തു.'' നബി (സ) വീട്ടിലായിരിക്കുമ്പോൾ എന്താണ് ചെയ്യാറുണ്ടായിരുന്നത് എന്ന ചോദ്യത്തിന് പ്രിയപത്നി ആഇശ(റ)യുടെ മറുപടി, 'അദ്ദേഹം വീട്ടുകാര്യങ്ങളിൽ സഹായിക്കാറായിരുന്നു പതിവ്' എന്നാണ്. അങ്ങനെയദ്ദേഹം തന്റെ കുടുംബത്തോട് എളിമയുള്ളവനായി. അല്ലാഹു അദ്ദേഹത്തെ ഉപദേശിച്ചു: ''താങ്കൾ താങ്കളുടെ വിനയത്തിന്റെ ചിറകുകൾ വിശ്വാസികൾക്കു വേണ്ടി താഴ്ത്തിക്കൊടുക്കുക'' (*അൽ ഹിജ്ർ* 88). പ്രായവ്യത്യാസമില്ലാതെ, സമ്പന്ന-ദരിദ്ര പരിഗണനകളില്ലാതെ എല്ലാവരോടും നബി (സ) വിനയത്തോടെ ഇടപെട്ടു. 'അദ്ദേഹം പരുഷസ്വഭാവിയായിരുന്നെങ്കിൽ ജനങ്ങൾ എല്ലാവരും അദ്ദേഹത്തിൽനിന്ന് അകന്നുപോകുമായിരുന്നു' എന്ന് ഖുർആൻ. അൽപം മസിലുപിടിച്ച് ജനങ്ങളോടിടപഴകിയില്ലെങ്കിൽ, ഒരു നിശ്ചിത അകലം അവരിൽനിന്ന് പാലിച്ചില്ലെങ്കിൽ അത് തന്റെ മാന്യതക്കും വ്യക്തിത്വത്തിനും പോറലേൽപ്പിക്കും എന്ന ധാരണ സാങ്കൽപിക ലോകത്ത് ജീവിക്കുന്നവരുടേതാണ്. വിനയത്തിലൂടെ മാത്രമേ സമൂഹത്തിൽ അർഹമായ സ്ഥാനം നേടിയെടുക്കാൻ കഴിയൂ. ഖലീഫമാരായിരുന്ന അബൂബക്റും (റ) ഉമറും (റ) തങ്ങൾ ഖലീഫമാരാകുന്നതിനു മുമ്പ് ചെയ്യാറുണ്ടായിരുന്ന സേവനങ്ങൾ ഖലീഫമാരായ ശേഷവും ജനങ്ങൾക്ക് ചെയ്തുകൊടുക്കാറുണ്ടായിരുന്നു. റസൂൽ (സ) പറയുന്നു: ''ആരും ഒരാളുടെ മേൽ പരിധി ലംഘിക്കാതെയും അഹന്ത കാണിക്കാതെയും വിനയമുള്ളവരായിത്തീരൂ എന്ന് അല്ലാഹു എനിക്ക് ബോധനം നൽകി.'' ●